സാങ്കേതിക വിജ്ഞാന ശൃംഖല - 4

കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം

# മത്സ്യമേഖലയിലെ സ്വാശ്രയ സംഘങ്ങൾ












കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം

(ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ)

കൊച്ചി-682 018

# മത്സ്യമേഖലയിലെ സ്വാശ്രയസംഘങ്ങൾ

"ദാരിദ്ര്യത്തിന്റെ മൂലകാരണം ഇല്ലായ്മയല്ല,...... ഉള്ളത്
പങ്ക് വയ്ക്കാനുള്ള മനുഷ്യമനസ്സിന്റെ സന്നദ്ധതയില്ലായ്മയും അവസരങ്ങളെ
ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷിക്കുറവും ഇച്ഛാശക്തിയില്ലായ്മയുമാണ്"......

വികസനം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് സമൂഹത്തിന്റെ തഴേക്കിടയിലുള്ള ദരിദ്രരിൽ ദരിദ്രരായ ജനവിഭാഗത്തിന്റെ മുന്നേറ്റവും ഉന്നമനവുമാണ്. ഭാരതത്തിന്റെ മത്സ്യമേഖലയുടെ വികസനം വിശാലമായ കാഴ്ചപ്പാടോടെ സുസാദ്ധ്യമാക്കിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന മാർഗ്ഗങ്ങൾ സുഗമമായി ആവിഷ്കരിച്ച് നടപ്പിൽ വരുത്താവുന്ന സുതാര്യമായ ഉപാധിയാണ് സ്വയം സഹായസംഘങ്ങൾ അഥവാ സ്വാശ്രയ സംഘങ്ങൾ. തീരദേശ മേഖലയുടെ വികസനത്തിന് ഉപോൽബലകമായ ഒരു പശ്ചാത്തലം ഉണ്ടാക്കിയെടുക്കാൻ സ്വാശ്രയസംഘങ്ങൾക്ക് സുപ്രധാനമായ ഒരു പങ്ക് വഹിക്കാൻ സാധിക്കും. നാനാമുഖമായ തീരദേശ വികസന പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മത്സ്യത്തൊഴിലാളികളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചാൽ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളു. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ മത്സ്യമേഖലയിലുള്ള സമഗ്രമായ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ മത്സ്യത്തൊഴിലാളികളെ സ്വാശ്രയസംഘങ്ങളിലൂടെ ശാക്തീകരിച്ച് ദാരിദ്ര്യത്തിന്റെ സമസ്തഭാവങ്ങളെയും ഉച്ചാടനം ചെയ്യാൻ കഴിയണം. ഇത് സുസാദ്ധ്യമാക്കാനുള്ള അത്യന്താപേക്ഷിതമായ വസ്തുത സമ്പാദ്യശീലം വർദ്ധിപ്പിക്കുക എന്നതു തന്നെയാണ്.




മത്സ്യമേഖലയിൽ സമ്പാദ്യശീലമില്ലാത്തതുകൊണ്ട് പൊതുവേ ദരിദ്രരായ മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്ന പണം മുഴുവൻ ചെലവായിപ്പോവുന്നു. നാളേയ്ക്ക് വേണ്ടി ഒന്നും മിച്ചം വയ്ക്കാൻ കഴിയാറില്ല. പണിയില്ലെങ്കിൽ ചിലപ്പോൾ കുടുംബം പട്ടിണിയാലാകും. അസുഖം വന്ന് കുറച്ച് ദിവസം കിടപ്പിലായാൽ ചികിത്സയ്ക്കും ഭക്ഷണത്തിനും അമിതപലിശക്കാരനെ ആശ്രയിക്കേണ്ടി വരുന്നു. കടക്കെണിയിലായാൽ പണിയെടുത്തു കിട്ടുന്നതിന്റെ നല്ലൊരു ഭാഗം പലിശയിനത്തിൽ ചെലവാകും. പലിശ മുടങ്ങിയാൽ അത് വളർന്ന് കടം വാങ്ങിയ തുകയെക്കാൾ വലുതാകും. ചിലപ്പോൾ ഈ കടം വരും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു. ഔപചാരിക ധനകാര്യസ്ഥാപനങ്ങൾ പാവങ്ങൾക്ക് ഇന്നും പലപ്പോഴും അപ്രാപ്യമാണ്.




ദരിദ്രർക്ക് സമ്പാദിക്കാൻ താല്പര്യമുണ്ടെങ്കിൽപോലും പലപ്പോഴും അതിനുള്ള സൗകര്യക്കുറവ് തടസ്സമാവുകയാണ്. മിച്ചം വയ്ക്കാൻ താത്പര്യമുണ്ടായാൽപോലും അത് ബാങ്കുകളിൽ നിക്ഷേപിക്കാൻ കടമ്പകൾ കടക്കണം. അക്കൗണ്ട് തുടങ്ങാൻ അതേ ബാങ്കിൽ അക്കൗണ്ടുള്ള മറ്റൊരാൾ പരിചയപ്പെടുത്തണം. ആളെ തിരിച്ചറിയാനുള്ള രേഖകളും ഫോട്ടോയും വേണം. അതുപോലെ ബാങ്ക് നിശ്ചയി




ച്ചിട്ടുള്ള ഒരു തുകയും അക്കൗണ്ട് തുറക്കാൻ ആവശ്യമാണ്. ഇവയ്ക്കെല്ലാം പുറമെ അക്കൗണ്ട് തുടങ്ങുന്നതിനായി ഒരു ദിവസത്തെ പണിയും നഷ്ടപ്പെടുത്തേണ്ടി വരും. ഇവിടെയാണ് സ്വാശ്രയസംഘങ്ങളിലെ ലഘു നിക്ഷേപങ്ങളുടെ പ്രസക്തി എടുത്തു പറയാവുന്നത്.

സമ്പാദ്യവും ലഘുനിക്ഷേപവും തമ്മിൽ വ്യത്യാസങ്ങളുണ്ട്. വരവിൽ നിന്നും ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുകയെ ആണ് സമ്പാദ്യം എന്നു പറയുന്നത്. എന്നാൽ തുച്ഛമായ വരുമാനക്കാർക്ക് വരവിനെക്കാൾ കൂടുതൽ ചെലവാണ്. അതിനാൽ ഇങ്ങനെയുള്ള സമ്പാദ്യം വളരെ കുറവായിരിക്കും. ലഘുനിക്ഷേപം എന്നത് ചെലവിലൊരിനമായി മാറ്റിവയ്ക്കുന്ന കൊച്ചു തുകകളാണ്. ഇതു സത്യത്തിൽ മിച്ചം വയ്ക്കുന്നതല്ല. മറിച്ച്, ഇത് പിടിച്ചു വയ്ക്കലാണ്. പണ്ടുകാലത്തെ പിടിയരി സമ്പ്രദായം പോലെ. പാചകത്തിനായി അളന്ന് മാറ്റിവച്ചിട്ടുള്ള അരിയിൽ നിന്നും ഒരു പിടി അരി പ്രത്യേകം മാറ്റി സൂക്ഷിച്ച്, പിന്നീട് ഈ അരി പഞ്ഞമാസങ്ങളിൽ ഉപയോഗിച്ചിരുന്നത് പോലെയാണ് ഇതും.

കുറച്ച് മത്സ്യത്തൊഴിലാളി സ്ത്രീകൾ കൂട്ടുചേർന്ന് സംഘമായാൽ ആഴ്ചയിലൊരിക്കൽ കൂടുന്ന സംഘയോഗങ്ങളിൽ അംഗങ്ങൾ മിച്ചം വയ്ക്കുന്ന ഒരു നിശ്ചിത തുക ശേഖരിച്ച്, ഇങ്ങനെ സ്വരൂപിക്കുന്ന പണം അടുത്ത ദിവസം കൂട്ടായ അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കാം. കാലക്രമത്തിൽ ഈ ലഘുനിക്ഷേപങ്ങൾ വളർന്ന് നല്ലൊരു തുകയാവുന്നു. ഉദാഹരണമായി 25 അംഗങ്ങളുള്ള ഒരു സ്വാശ്രയസംഘം ആഴ്ചയിൽ പത്തുരൂപാ വീതം ലഘുനിക്ഷേപമായി ശേഖരിച്ചാൽ 250 രൂപയായി. ഒരു മാസം കൊണ്ട് ആയിരവും ആറുമാസം കൊണ്ട് ആറായിരവും രൂപയായി. ലഘുനിക്ഷേപശേഖരണം സംഘാംഗങ്ങളിൽ മിതവ്യയശീലമുണ്ടാക്കുന്നതുകൊണ്ടുതന്നെ സാമ്പത്തിക അച്ചടക്കം ക്ഷിപ്രസാദ്ധ്യമാകുന്നു.

ലഘുനിക്ഷപം തുടങ്ങി ആദ്യത്തെ ആറുമാസത്തിനു ശേഷം അംഗങ്ങൾക്ക് അത്യാവശ്യ ചെലവുകൾക്കായി അതിൽ നിന്നും വായ്പ നൽകി തുടങ്ങാം. വായ്പയ്ക്കുള്ള മാനദണ്ഡങ്ങൾ സംഘം തന്നെ തീരുമാനിക്കും. അംഗങ്ങൾ പരസ്പരം അറിയുന്നതുകൊണ്ട് ആവശ്യങ്ങളുടെ സ്വഭാവമനുസരിച്ച് മുൻഗണന നൽകാൻ കഴിയുന്നതിനു പുറമേ രാപകൽ വ്യത്യാസമില്ലാതെ അത്യാവശ്യങ്ങൾക്ക് എപ്പോഴും പ്രയോജനപ്പെടുന്ന രീതിയിൽ 24 മണിക്കൂറും പ്രവർത്തനക്ഷമമായ വീട്ടുമുറ്റത്തെ അനൗപചാരിക ബാങ്കായി ലഘുനിക്ഷേപ സംഘങ്ങൾ അറിയപ്പെടുന്നു. വായ്പയുടെ സമയപരിധിയും പലിശയും അംഗങ്ങൾ തന്നെ തീരുമാനിക്കുന്നു. ഇപ്രകാരം അംഗങ്ങളുടെ പ്രശ്നങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിച്ചുകൊണ്ട് സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യാൻ അവരുടെ പ്രാപ്തി വർദ്ധിക്കുകയും സംഘം സാവധാനം സ്വാശ്രയത്വത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു.

സംഘാംഗങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്കായി അനുയോജ്യമായ ഒരു സൂക്ഷ്മ സംരംഭം കണ്ടെത്തി അതിനായി മെച്ചപ്പെട്ട വായ്പാസൗകര്യം ലഭ്യമാക്കുന്നതിന് സംഘങ്ങളെ നബാർഡ്, രാഷ്ട്രീയ മഹിളാഘോഷ്, മറ്റ് ബാങ്കുകൾ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതാണ്. സംഘത്തിന്റെ സമ്പാദ്യം ബാങ്കിൽ നിക്ഷേപിക്കുന്നതോടുകൂടി ബാങ്കുകളുമായുള്ള ബന്ധത്തിന് തുടക്കം കുറിക്കുന്നു. സംഘത്തിന്റെ ക്ഷേമം ബാങ്കിന്റെ കൂടി ഉത്തരവാദിത്തമാകുന്നതോടെ തുടർന്നുള്ള പ്രവർത്തനം, വളർച്ച, പുരോഗതി എന്നിവയിലൊക്കെ ബാങ്കുകൾ പങ്കാളികളാകുന്നു. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഈടുകൂടാതെ സംഘത്തിന് വായ്പ നൽകുകയും സംഘം അത് അംഗങ്ങൾക്ക് നൽകുകയും ചെയ്യുന്നു.

കുറഞ്ഞത് ആറുമാസമെങ്കിലും ഇപ്രകാരം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ സംഘ

ങ്ങൾക്ക് സാമ്പത്തിക സഹായമായി തുടക്കത്തിൽ ലഘുനിക്ഷേപങ്ങളുടെ രണ്ടിരട്ടി വരെ 'നബാർഡ്' വായ്പ നൽകും. ലഘുനിക്ഷേപങ്ങളുടെ വർദ്ധനവും കൃത്യമായ തിരിച്ചടവും പിന്നീട് ഈ സംഘങ്ങളെ ഒമ്പത് ഇരട്ടിവരെ വായ്പയ്ക്ക് അർഹരാക്കുന്നു. അതുപോലെ സ്വാശ്രയസംഘങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന മറ്റനവധി ധനകാര്യസ്ഥാപനങ്ങളുണ്ട്.

ഒരു സാധാരണ സംഘം നല്ല ഒരു സ്വാശ്രയസംഘമായി രൂപപ്പെടണമെങ്കിൽ സാധാരണഗതിയിൽ 36 മാസങ്ങൾ (3 വർഷങ്ങൾ) എങ്കിലും വേണ്ടിവരുമെന്ന് അനുഭവങ്ങളും പഠനങ്ങളും വ്യക്തമാക്കുന്നു. ഈ കാലയളവിനുള്ളിൽ 4 മാസങ്ങൾ വരെ ഗ്രൂപ്പ് രൂപീകരണ കാലഘട്ടം, 15 മാസങ്ങൾ വരെ ഗ്രൂപ്പ് നിലനിർത്തൽ കാലഘട്ടം, 36 മാസങ്ങൾ വരെ സ്വയംസഹായ കാലഘട്ടം എന്നിങ്ങനെ മൂന്നവസ്ഥകളിൽ കൂടി സംഘം കടന്നുപോകുമ്പോൾ സ്വാശ്രയത്വത്തിലൂടെ സമൃദ്ധിയിലേക്ക് നയിക്കപ്പെടുന്നുവെന്ന് സ്വയം സഹായസംഘങ്ങളിൽ അധിഷ്ഠിതമായ സാമൂഹ്യ ഗവേഷണ പഠനങ്ങൾ സൂചിപ്പിക്കുന്നു.

മത്സ്യത്തൊഴിലാളികൾക്ക് സ്ഥിരവരുമാനം നൽകാൻ കഴിവുള്ളതും പ്രാദേശിക സാദ്ധ്യതകളുള്ളതുമായ മേഖലകൾ കണ്ടെത്തി ദാരിദ്ര്യനിർമ്മാർജ്ജനത്തിന് പര്യാപ്തമായ സൂക്ഷ്മസംരംഭങ്ങൾ അഥവാ 'മൈക്രോ എൻർപ്രൈസസ്' സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്താനുള്ള സംഘടിത ശ്രമങ്ങളാണ് സ്വാശ്രയസംഘങ്ങൾ ചെയ്യേണ്ടത്. മത്സ്യമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗത്തിന്റെ വികസനത്തിനായി പ്രാദേശിക വിഭവസാദ്ധ്യതകളെ മുൻനിർത്തി രൂപം കൊടുത്തിട്ടുള്ളതും അനുഭവങ്ങളിലൂടെ വിജയം ഉറപ്പുവരുത്തിയിട്ടുള്ളതുമായ ചില മൈക്രോ സംരംഭങ്ങളും ഭാരതത്തിന്റെ തീരപ്രദേശങ്ങളിൽ സ്വയം സഹായ സംഘങ്ങൾ വിജയപ്രദമായി നടപ്പിൽ വരുത്തിയിട്ടുള്ള ബദൽ തൊഴിലധിഷ്ഠിത സംരംഭങ്ങളും ഇവയാണ്.

തീരദേശമേഖലയിൽ മൂല്യവർദ്ധിത മത്സ്യ ഉത്പന്നങ്ങളുടെ നിർമ്മാണം, ഉണക്കമത്സ്യ നിർമ്മാണ യൂണിറ്റ്, മത്സ്യ സംസ്കരണയൂണിററ്, റെഡി റ്റു ഈറ്റ് മത്സ്യ ഉത്പന്നങ്ങൾ, റെഡി റ്റു കുക്ക് മത്സ്യ ഉത്പന്നങ്ങൾ, അലങ്കാര മത്സ്യകൃഷി, കല്ലുമ്മക്കായ കൃഷി, കടൽ മുരിങ്ങ കൃഷി, എരുന്ത് ശേഖരണം എന്നിവ പ്രാധാന്യമർഹിക്കുന്നു.

മത്സ്യാനുബന്ധമേഖലകളിൽ മരപ്പണി യൂണിറ്റ്, കൽപണി യൂണിറ്റ്, സോപ്പ് നിർമ്മാണ യൂണിറ്റ്, വസ്ത്രവ്യാപാരം, ഗാർമെന്റ് യൂണിറ്റ്, കമ്പ്യൂട്ടർ സെന്റർ, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, പന്നി വളർത്തൽ, തേനീച്ച വളർത്തൽ, തുന്നൽ വേലകൾ, കൈത്തറി നെയ്ത്ത്, പട്ടുനൂൽപ്പുഴു വളർത്തൽ, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, ചോക്ക് നിർമ്മാണ യൂണിറ്റ്, കുട നിർമ്മാണ യൂണിറ്റ്, ഫോം മെത്ത നിർമ്മാണ യൂണിറ്റ്, മുളകൊണ്ടുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം, തുടങ്ങിയവയും സ്ത്രീ സ്വാശ്രയസംഘങ്ങൾ നടപ്പിലാക്കിയ ബദൽ തൊഴിലധിഷ്ഠിത സംരംഭങ്ങളാണ്.


മൈക്രോ സംരംഭം

കാർഷിക മേഖലയിൽ പച്ചക്കറികൃഷി, ഉദ്യാന നിർമ്മാണം, പുഷ്പകൃഷി, അടുക്കളത്തോട്ട നിർമ്മാണം, ഫലവൃക്ഷത്തോട്ട നിർമ്മാണം, പഴ ഉത്പന്നങ്ങളുടെ ഉത്പാദനം, പഴസംസ്കരണ യൂണിറ്റ്, പലഹാര നിർമ്മാണ യൂണിറ്റ്, കാറ്ററിംഗ് യൂണിറ്റ്, ബേക്കറി

യൂണിറ്റ്, ധാന്യങ്ങൾ പൊടിച്ചു വില്പന തുടങ്ങിയവയും സ്വാശ്രയസംഘങ്ങൾ നടപ്പിൽ വരുത്തിയ തൊഴിലധിഷ്ഠിത സംരംഭങ്ങളാണ്.

വിഭവസാദ്ധ്യതകളെയും, സാഹചര്യങ്ങളെയും അടിസ്ഥാനമാക്കി പൊതുവെ സ്വാശ്രയ സംഘങ്ങൾക്ക് നടപ്പിൽ വരുത്താവുന്ന മറ്റു മൈക്രോസംരംഭങ്ങൾ ഇവയാണ്. ആക്രിക്കച്ചവടം, പേപ്പർ കവർ, പച്ചക്കറി വിത്തു വില്പന, കൂൺ കൃഷി, ആതുരസേവന ശുശ്രൂഷ, മാര്യേജ് ബ്യൂറോ, ഔഷധശേഖരണം, റിയൽ എസ്റ്റേറ്റ്, ഔഷധ സംസ്കരണം, ഔഷധ സസ്യകൃഷി, ഡയറക്ട് മാർക്കറ്റിംഗ്, ചകിരി ബ്രഷ്, പ്ലാസ്റ്റിക് നെയ്ത്ത്, അവലോസുപൊടി, സെക്കന്റ് സെയിൽ, ഇറച്ചി മസാല, പുരാവസ്തു വില്പന, രസപ്പൊടി, ഉപഭോക്തൃ സേവനകേന്ദ്രങ്ങൾ, അച്ചാർ പൊടി, ഗാർഹിക വിപണനം, സാമ്പാർ പൊടി, വഴിവാണിഭം, ഹോം ഡെലിവറി പാക്കേജ്, നവധാന്യപ്പൊടി, റീപാക്കിംഗ് ബിസിനസ്സ്, ക്ലീനിംഗ് പൗഡർ, കറിപൗഡർ യൂണിറ്റ്, ഫിനോയിൽ ലോഷൻ, സ്ക്രീൻ പ്രിന്റിംഗ്, ലിക്വിഡ് സോപ്പ്, കുഞ്ഞുടുപ്പ് നിർമ്മാണം, ടോയ്‌ലറ്റ് സോപ്പ്, വാഷിംഗ് സോപ്പ്, ഫോട്ടോസ്റ്റാറ്റ്, കപ്പലണ്ടി മിഠായി, ഇടത്തരം വാഷിംഗ് പൗഡർ, മേൽത്തരം വാഷിംഗ് പൗഡർ, ഉരക്കടലാസ്, മണ്ണിര കമ്പോസ്റ്റ്, വളർത്തു മൃഗങ്ങൾ, നഴ്സറി ചെടികൾ, നോട്ട് ബുക്ക്, ബുക്ക് ബയന്റിംഗ്, റബ്ബർ ചെരുപ്പ് നിർമ്മാണം, തലയിണ കുഷ്യൻ, ചന്ദനത്തിരി നിർമ്മാണം, തുള്ളിനീലം, യൂക്കാലിപ്റ്റ്സ് ഓയിൽ, കളിപ്പാവ, ഹാൻഡ് ഷാംപൂ, സോപ്പ് ഷാമ്പൂ, ഡിറ്റർജന്റ് ഷാമ്പൂ, ചക്കവരട്ടി, ചിപ്സ്, ഹോട്ടൽ, തട്ടുകട, കാറ്ററിംഗ് സർവ്വീസ്, മുന്തിരിവൈൻ, പൈനാപ്പിൾ വൈൻ, ശീതളപാനീയങ്ങൾ, നാടൻ കോഴി-ഇറച്ചിക്കോഴി വളർത്തൽ, കൊണ്ടാട്ടം-വറ്റൽ, മാങ്ങാ-വറ്റൽ, പച്ചമുളക്-വറ്റൽ, നെല്ലിക്കാ വൈൻ, ഇഞ്ചി വൈൻ, പപ്പടം, തക്കാളിസോസ്, പകൽ പരിപാലനം, തേങ്ങാവെള്ള വിനാഗിരി, കൃത്രിമ വിനാഗിരി, സിറപ്പുകൾ, മിക്സഡ് ഫ്രൂട്ട് ജാം, മിൽക്ക് ചോക്കലേറ്റ്, തക്കാളി സ്ക്വാഷ്, പശനിർമ്മാണം, ക്ലീനിംഗ് ലോഷൻ, ശീതളപാനീയക്കട, വായനശാല, സ്വകാര്യ ട്യൂഷൻ, കൗൺസലിംഗ് - ഗൈഡൻസ്, സാഹിത്യ സേവനം, വാടക കച്ചവടം, പെയ്ഡ് ഗസ്റ്റ് സേവനം, റിപ്പയറിംഗ് സെന്റർ, കരകൗശല വേലകൾ എന്നീ സ്വയം തൊഴിലുകൾ കേരളത്തിലുടനീളം സ്വാശ്രയസംഘങ്ങൾക്ക് വിഭവലഭ്യതയും സാഹചര്യങ്ങളുമനുസരിച്ച് പ്രാവർത്തികമാക്കാവുന്ന സംരംഭങ്ങളാണ്.

ഇത്തരം സ്വയം തൊഴിലുകൾ നടപ്പിൽ വരുത്താൻ സ്വാശ്രയ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന പ്രധാന സ്ഥാപനങ്ങൾ ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ്, ജവഹർ റോസ്ഗാർ യോജന, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്, കേരള ഫിനാൻഷ്യൽ കോർപറേഷൻ, ദേശീയ കാർഷിക ഗ്രാമവികസന ബാങ്ക്, വ്യാവസായിക വികസന ബാങ്ക്, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, ജില്ലാ ഗ്രാമവികസന ഏജൻസി, മറ്റ് സന്നദ്ധസംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ തുടങ്ങിയവതന്നെ.

തീരദേശ വികസനം സ്വാശ്രയസംഘങ്ങളിലൂടെ പ്രാവർത്തികമാകുമ്പോഴുണ്ടാകുന്ന അനന്തരഫലങ്ങൾ പരിശോധിച്ചാൽ ചില സുപ്രധാനകാര്യങ്ങൾ വ്യക്തമാകും.

* ശാക്തീകരിക്കപ്പെട്ട സ്വാശ്രയസംഘങ്ങൾ സ്വന്തം സമ്പാദ്യത്തോടൊപ്പം ബാങ്ക് വായ്പകൾ കൂടിയെടുത്ത് സംഘാംഗങ്ങളെ സഹായിക്കുന്ന രീതിയിലുള്ള ലഘുസമ്പാദ്യ വായ്പാ പരിപാടികൾ നടപ്പിലാക്കുന്നതിനു പുറമേ അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ കൂടി നടത്തിവരുന്നതുകൊണ്ട് അതിലൂടെ വരുമാനം നേടി സ്വന്തം കാലിൽ നിൽക്കാൻ അംഗങ്ങളെ പ്രാപ്തരാക്കുന്നു.

* ആഴ്ചയിലൊരിക്കൽ കൂടുന്ന യോഗങ്ങളിൽ സംഘാംഗങ്ങൾ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അവയുടെ പരിഹാരം കൂട്ടായ്മയോടെ നിർവ്വഹിക്കുകയും ചെയ്യുന്നത് കൊണ്ട് തികഞ്ഞ സുരക്ഷിതത്വ ബോധവും ഒറ്റക്കെട്ടായി നിൽക്കുമ്പോഴുള്ള മാനസികാരോഗ്യവും സഹവർത്തിത്വത്തിലൂടെ സാധിക്കുന്നു.

* കുടുംബ ഭദ്രതയിൽ പ്രകടമായ സ്വാധീനം ചെലുത്താൻ സ്ത്രീകളുടെ സമ്പാദ്യത്തിനു കഴിയും. സ്ത്രീകൾക്കും പുരുഷന്മാരോടൊപ്പം കുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസം ഈ സ്വയംസഹായ സംഘങ്ങൾ വഴി വളർത്തിയെടുക്കാൻ സാധിക്കും.

**സ്വാശ്രയസംഘം : കൂട്ടായ്മയുടെ പ്രതീകം**



* ആഴ്ചതോറും സ്വാശ്രയ സംഘങ്ങൾ യോഗം ചേരുന്നതിനാൽ അതത് പ്രദേശത്തെ ഗുണഭോക്താക്കളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനും ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സുതാര്യമാക്കുന്നതിനും സാധിക്കുന്നു.

* ഗുണഭോക്താവിന് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ നിർദ്ദിഷ്ട പരിപാടിയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താൻ പ്രേരണ ചെലുത്താൻ സംഘങ്ങൾക്ക് കഴിയുന്നു.

* മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യബോധനിലവാരത്തിൽ ഗണ്യമായ മാറ്റം വരുത്താൻ സ്വാശ്രയസംഘങ്ങൾ വഴി സാധിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിലേക്കും മറ്റും വനിതാ സംഘങ്ങൾ കൈയയച്ച് സംഭാവന നൽകിത്തുടങ്ങിയത് ശാക്തീകരണ പ്രക്രിയ വഴിതെളിച്ച മാറ്റങ്ങൾക്ക് ഉദാഹരണമാണ്.

* ജാതിമതചിന്തകൾ വെടിഞ്ഞ് വിശേഷദിനങ്ങൾ ആചരിച്ചും, സാംസ്കാരിക നായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുപരിപാടികൾ നടത്തിയും, കലാകായിക മത്സരങ്ങളും, സാക്ഷരതാ ക്ലാസ്സുകളും സംഘടിപ്പിച്ചും സ്വാശ്രയസംഘങ്ങൾ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിത്തുടങ്ങിയത് സ്വാശ്രയസംഘങ്ങളുടെ സാമൂഹിക പ്രതിബദ്ധതയ്ക്ക് ഉത്തമ ഉദാഹരണമാണ്.

* കൂട്ടായ്മയുടെ പ്രതീകമായ ഈ സംഘങ്ങൾക്ക് വീട്ടുമുറ്റത്തെ ബാങ്കായും ആപത്തിൽ രക്ഷയ്ക്കെത്തുന്ന മിത്രമായും അമിത പലിശയിൽനിന്നുള്ള സംരക്ഷകനായും ഒക്കെ പ്രവർത്തിക്കാൻ കഴിയുന്നു.

ഇപ്രകാരം സുദൃഢമായ നിയമസംഹിതകളോടെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് രൂപപ്പെട്ട പരസ്പരസഹായ സംഘങ്ങളുടെ ലഘുനിക്ഷേപ സമാഹരണത്തെ അടിസ്ഥാനമാക്കി ബാങ്ക് വായ്പകളിലൂടെയും മറ്റും ലഭ്യമായ സാമ്പത്തിക സഹായങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ വരുമാനവർദ്ധനവിനുതകുന്ന അനുയോജ്യമായ സൂക്ഷ്മസംരംഭങ്ങൾക്ക് സ്വയം മുന്നോട്ട് വരാനും കടക്കെണിയിൽ നിന്ന് സ്വയം മോചിതരാകാനും മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നു.

തീരദേശ മേഖലയുടെ പൊതുപ്രശ്നങ്ങളായ നിരക്ഷരത, ശുദ്ധജല ദൗർലഭ്യം, അനാരോഗ്യം, പാർപ്പിടം തുടങ്ങിയവ കൂട്ടായ്മയോടെയും അർപ്പണമനോഭാവത്തോടെയും പരിഹരിച്ചുകൊണ്ട് പ്രാദേശിക സമ്പദ്ഘടന മെച്ചപ്പെടുത്താനും പങ്കാളിത്തത്തിൽ അധിഷ്ഠിതമായ സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണത്തിലൂടെ സമൃദ്ധിയിലേയ്ക്ക് മുന്നേറാനും മത്സ്യത്തൊഴിലാളികൾക്ക് കഴിയും എന്ന് അനുഭവങ്ങളുടെ വെളിച്ചത്തിൽ നിസ്സംശയം പറയാം.

---


തയ്യാറാക്കിയത് - **ഡോ. വിപിൻകുമാർ. വി. പി.,** സയന്റിസ്റ്റ്.

പ്രസിദ്ധീകരണം - **പ്രൊഫ. (ഡോ) മോഹൻജോസഫ് മോഡയിൽ,** ഡയറക്ടർ,
**കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം, കൊച്ചി - 682 018.**

എഡിറ്റിംഗ് - **ഡോ. വിപിൻകുമാർ വി. പി.,**
**ഡോ. ആർ. സത്യദാസ്,** പ്രിൻസിപ്പൽ സയന്റിസ്റ്റ്
സാമൂഹ്യ സാമ്പത്തിക അവലോകനം - സാങ്കേതിക വിജ്ഞാന വ്യാപന വിഭാഗം

ചിത്രങ്ങൾ - **ശ്രീ. കെ. എം. ഡേവിഡ്, ഡോ. വിപിൻകുമാർ. വി. പി.**

അച്ചടി - സെന്റ് ഫ്രാൻസീസ് പ്രസ്, കൊച്ചി - 682 018